ഈസ്റ്റ് ഹില്ലിലുമാണ് ഇവ പ്രവർത്തിക്കുന്നത്. വളരെ കുറഞ്ഞ ചെലവിൽ യാത്ര ചെയ്യുന്ന സഞ്ചാരികൾക്ക് സുരക്ഷിതമായ പാർപ്പിട-ഭക്ഷണ സൗകര്യം പ്രദാനം ചെയ്യുകയാണ് യൂത്ത് ഹോസ്റ്റലുകളുടെ ലക്ഷ്യം. ജാതി/മത/രാഷ്ട്രീയ വേർതിരിവില്ലാതെ എല്ലാ സഞ്ചാരികൾക്കും യൂത്ത് ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുന്നതാണ്. യൂത്ത് ഹോസ്റ്റൽ മാനുവൽ അനുസരിച്ചാണ് പ്രവേശനവും പ്രവർത്തനവും നിശ്ചയിച്ചിട്ടുള്ളത്.

(ഇ) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## പൊതുവിദ്യാഭ്യാസ ചുമതല ത്രിതല പഞ്ചായത്തുകളെ ഏല്പിക്കുന്ന നടപടി

22 [1675] ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസ ചുമതല ത്രിതല പഞ്ചായത്തുകളെ ഏല്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനെതിരെ അദ്ധ്യാപക സംഘടനകളിൽ നിന്നോ, ബഹുജനങ്ങളിൽ നിന്നോ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ചുമതലകൾ പൂർണ്ണമായും ത്രിതല പഞ്ചായത്തിനെ ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്/കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സർക്കാരിന്റെ ചില ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ത്രിതല പഞ്ചായത്തുകളെ ഏല്പിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈമാറിയ അധികാരങ്ങളെ സംബന്ധിച്ച് അവ്യക്തത ഒഴിവാക്കാൻ ഒരു കൈപ്പുസ്തകം തയ്യാറാക്കി വരികയാണ്.

## സംസ്ഥാനത്തെ ചൈൽഡ് സെൻസസ്

23 [1676] ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചൈൽഡ് സെൻസസ് എടുത്തിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഇത് നടത്തിയത്;

(ബി) കുട്ടികളെ സെൻസസിനു വേണ്ടി തരംതിരിച്ചതെങ്ങിനെയാണ്; കുട്ടികളുടെ ഏതെല്ലാം തരത്തിലുള്ള വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly